4087
3/5/14

**കേരള സർക്കാർ**

**സംഗ്രഹം**

*പൊതുവിദ്യാഭ്യാസം - എസ്റ്റാബ്ലിഷ്മെന്റ് - രായിരി മംഗലം എസ്.എം.എം.എച്ച്.എസ്.എസിലെ ചിത്രകലാ അധ്യാപകൻ ശ്രീ. സുനീഷ് പി.സി.യുടെ നിയമനം 04/06/2012 മുതൽ അംഗീകരിക്കണമെന്ന ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.*

==========================================================================

**പൊതുവിദ്യാഭ്യാസ (കെ) വകുപ്പ്**

**സ.ഉ(സാധാ) നം. 1460/2014/പൊ.വി.** **തീയതി, തിരുവനന്തപുരം, 28/03/2014**

==========================================================================

*പരാമർശം* *രായിരി മംഗലം എസ്.എം.എം.എച്ച്.എസ്.എസ്-ലെ മാനേജർ സമർപ്പിച്ച 17/01/2014 ലെ റിവിഷൻ പെറ്റീഷൻ*

**ഉത്തരവ്**

രായിരി മംഗലം എസ്.എം.എച്ച്.എസ്.എസിലെ ചിത്രകലാധ്യാപകനായിരുന്ന ശ്രീ. ദാസൻ എം, 15/12/2011 ന് മരണപ്പെട്ട ഒഴിവിൽ 04/06/2012 മുതൽ ശ്രീ. സുനീഷ് പി.സിയെ ചിത്രകലാ അധ്യാപകനായി സ്കൂളിന്റെ മാനേജർ നിയമിച്ചിരുന്നു. എന്നാൽ ഉ.നം. ബി1/6217/2012, തീയതി 12/11/2012 ഉത്തരവ് നമ്പർ കെഡിസ് ബി4/33443/13 തീയതി 17/06/2013, ഉ.നം. ഇ.എം.(2)/63019/2013/ഡിപിഐ/കെഡിസ് തീയതി 17/12/2013 എന്നിവ പ്രകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തിരൂർ, വിദ്യാഭ്യാസ ഉപഡയറക്ടർ, മലപ്പുറം, പൊതു വിദ്യാഭ്യാസ ഡയറക്ടർ എന്നിവർ നിയമന അംഗീകാരം നിരസിച്ച സാഹചര്യത്തിൽ ശ്രീ. സുനീഷ് പി.സിയുടെ നിയമനം 04/06/2012 മുതൽ അംഗീകരിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് രായിരമംഗലം എസ്.എം.എച്ച്.എസ്.എസ് മാനേജർ പരാമർശ പ്രകാരം റിവിഷൻ അപേക്ഷ സമർപ്പിക്കുകയുണ്ടായി. നിലവിലുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സ.ഉ(പി) നം. 199/2011/പൊ.വി. തീയതി 01/10/2011 പ്രകാരം എയ്ഡഡ് സ്കൂളിലെ സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ ഭാവിയിലുള്ള നിയമനം കെ.പി.എസ്.സി. മുഖേന ആയിരിക്കണമെന്ന് നിഷ്കർഷിച്ചിരിക്കുന്നു. പിന്നീട് ജി.ഒ.(എം.എസ്) 139/2012/പൊ.വി. തീയതി 02/05/2012 പ്രകാരം 2011-2012 അധ്യയന വർഷം മാനേജർമാർ നടത്തിയ സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ നിയമനം അംഗീകരിക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ 2012-2013 അധ്യയന വർഷത്തിൽ മാനേജർമാർ നടത്തിയ സ്പെഷ്യലിസ്റ്റ് അധ്യാപക നിയമനം ജി.ഒ.(പി) നം. 199/2012/പൊ.വി. തീയതി 01/10/2011 ലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ഇത്തരം നിയമനങ്ങൾ അംഗീകരിക്കാൻ സർക്കാരിന്റെ അനുമതിയില്ല. പ്രസ്തുത സാഹചര്യത്തിൽ രായിരിമംഗലം എസ്.എം.എച്ച്.എസ്.എസിൽ ചിത്രകലാധ്യാപകനായുള്ള ശ്രീ. സുനീഷ് പി.സി. യുടെ നിയമനം 04/06/2012 മുതൽ അംഗീകരിക്കണമെന്ന ആവശ്യം പരിഗണനാർഹമല്ലാത്തതിനാൽ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ആർ. ആനന്ദവല്ലി**
അണ്ടർ സെക്രട്ടറി

1. *മാനേജർ,* എസ്.എം.എച്ച്.എസ്.എസ്., രായിരിമംഗലം, താനൂർ പി.ഒ, മലപ്പുറം
2. *ശ്രീ. സുനീഷ് പി.സി., ചിത്രകലാ അധ്യാപകൻ,* എസ്.എം.എച്ച്.എസ്.എസ്., രായിരിമംഗലം, താനൂർ പി.ഒ, മലപ്പുറം
3. പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
4. *വിദ്യാഭ്യാസ ഉപഡയറക്ടർ, മലപ്പുറം*
5. *ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തിരൂർ*
6. *അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ ആഡിറ്റ്) കേരള, തിരുവനന്തപുരം*
7. *വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂമീഡിയ) വകുപ്പ് (പ്രസിദ്ധീകരണത്തിന്)*
8. *കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്*

Sup

**ഉത്തരവിൻ പ്രകാരം,**
**സെക്ഷൻ ഓഫീസർ**